നേതാവായ ശരദ് പവാറും ജനതാപാർട്ടിയുടെ നേതാവ് ശ്രീ. എസ്.എം. ജോഷിയും അടക്കമുള്ള ആളുകളാണ് ഈ തീർത്ഥത്തിന് നേതൃത്വം കൊടുത്തത്. അതിന്റെ അലയടികൾ ഇപ്പോൾ കാസർകോട് എത്തിയിരിക്കുകയാണ്. ചന്ദ്രഗിരിപ്പുഴയുടെ വടക്കുഭാഗത്തുള്ള കേരളത്തിന്റെ അതിർത്തിയിൽ പെട്ട പ്രദേശങ്ങൾ കർണ്ണാടകത്തിന്റെ ഭാഗമാണെന്ന് അവകാശപ്പെട്ടുകൊണ്ട് സമരത്തിലേക്ക് കർണ്ണാടക സമിതി നീങ്ങിക്കൊണ്ടിരിക്കുകയാണ്. 1956-ൽ സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ കമ്മിറ്റി അംഗീകരിച്ച അതിർത്തികൾ പുനർനിർണ്ണയിക്കാനുള്ള ശ്രമങ്ങൾ അപലപനീയമാണ്. രാഷ്ട്രീയമായ മുതലെടുപ്പിനുവേണ്ടി രാഷ്ട്രീയ പ്പാർട്ടി നേതാക്കൻമാർ അഴിച്ചുവിടുന്ന വിഭാഗീയമായ ഇത്തരം സമരം വളരെ രൂക്ഷമായ സ്ഥിതിയിലേക്ക് മാറാൻ പോകുകയാണ്. ബൽഗാമിലുണ്ടായ സമരത്തിന്റെയും പഞ്ചാബ്, ഹരിയാന സമരത്തിന്റെയും അലയടികൾ കാസർകോഡ് ഉണ്ടാകാതിരിക്കാൻ, കാസർകോട്ടെ ജനങ്ങൾക്ക് സൈരമായി ജീവിക്കാനുള്ള സാഹചര്യം ഉണ്ടാക്കാൻ നടപടി സ്വീകരിക്കണം. മഹാജൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമായി അറിയിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, മഹാജൻ കമ്മീഷൻ റിപ്പോർട്ട് ഏകപക്ഷീയമാണെന്നുള്ളതുകൊണ്ടു തന്നെ 1976-ൽ സംസ്ഥാന ഗവൺമെന്റ് അത് തള്ളിയതാണ്. സ്റ്റേറ്റ് റീ-ഓർഗനൈസേഷനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു പ്രദേശം ഒരു സംസ്ഥാനത്തോട് ചേർക്കുന്നതിന് ഗൈഡ്ലൈനിൽ പറഞ്ഞിട്ടുള്ളത് ഒരു ജില്ലയിൽ 70 ശതമാനം ആളുകൾ ഏതെങ്കിലും പ്രത്യേക ഭാഷ സംസാരിക്കുകയാണെങ്കിൽ ആ ആളുകൾ ഉൾക്കൊള്ളുന്ന പ്രദേശം, ആ ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളോട് തൊട്ടുകിടക്കുന്ന സംസ്ഥാനത്തോട് ചേർക്കാമെന്നുള്ളതാണ്. എന്നാൽ കാസർകോഡിനെ സംബന്ധിച്ചിടത്തോളം അന്നത്തെ കണക്കനുസരിച്ച് ജനസംഖ്യയിൽ 73 ശതമാനം ആളുകൾ മലയാളം സംസാരിക്കുന്നവരാണ്. അതിൽ 8 ശതമാനം മാത്രമേ കർണ്ണാടകം സംസാരിക്കുന്നവരുള്ളു. 13 ശതമാനം തുളു സംസാരിക്കുന്നയാളുകളാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഭാഷയുടെ അടിസ്ഥാനത്തിൽ പുനഃസംവിധാനം ചെയ്ത പുനഃസംഘടന ഒരു നിലയിലും പുനരാലോചിക്കേണ്ടതില്ല എന്ന നിലപാടിൽ ഉറച്ചു നിൽക്കുകയാണ്. കർണ്ണാടകമായാലും മറ്റ് ഏത് സംസ്ഥാനമായാലും ഇന്ന് നിലവിലുള്ള സ്റ്റേറ്റിന്റെ കാര്യത്തിൽ യാതൊരുവിധ മാറ്റവും വരുത്താൻ സംസ്ഥാന ഗവൺമെന്റ് അനുവദിക്കുന്നതല്ല.. കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാടിനോട് സഹായകമായ നിലപാട് സ്വീകരിക്കുമെന്നാണ് വിശ്വാസം.

(3) ചാലിയം കടപ്പുറത്ത് മൽസ്യത്തൊഴിലാളികൾക്കു നേരിട്ട നാശനഷ്ടങ്ങൾ

ശ്രീ. കെ. മൂസ്സക്കുട്ടി: സർ, കഴിഞ്ഞ 17-ാം തീയതിയുണ്ടായ അതിശക്തമായ കടൽക്ഷോഭത്തിന്റെ ഫലമായി ചാലിയം കടപ്പുറത്ത് കടലിൽപ്പോയ 7 തോണിയിലെ 35-ഓളം മൽസ്യത്തൊഴിലാ
11 a.m. ] ളികൾ വലിയ അപകടത്തിൽപ്പെടുകയും അവസാനം വളരെ മണിക്കൂറുകൾക്കുശേഷം നാട്ടുകാർ മറ്റു സജ്ജീകരണങ്ങളോടെ കടലിൽപ്പോയി 33-ഓളം പേരെ രക്ഷപ്പെടുത്തി, എന്നാൽ 2 പേരെ

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ കണ്ടെത്താൻപോലും കഴിഞ്ഞിട്ടില്ല. അവർക്കുവേണ്ടി തിരച്ചിൽ നടത്താൻ ബന്ധപ്പെട്ട അധികാരികളെ സമീപിച്ചുവെങ്കിലും അതിന് നിയുക്തരായ ഉദ്യോഗസ്ഥൻമാരോ പോർട്ടധികൃതരോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആ 2 പേരെ ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. അവരുടെ മൃതദേഹംപോലും കിട്ടിയിട്ടില്ല. പരിക്കു പറ്റിയവർക്ക് വൈദ്യസഹായം കിട്ടിയിട്ടില്ല. തോണികളും മെഷീനും വലയും പാടെ തകർന്നുപോയി. അതിനെല്ലാം അവർക്ക് നഷ്ടപരിഹാരം കൊടുക്കണം. അതുപോലെതന്നെ കാണാതായവരുടെ മൃതദേഹമെങ്കിലും കണ്ടെത്താനുള്ള ശക്തമായ തിരച്ചിൽ നടപടികൾ സ്വീകരിക്കണം. കാണാതായ രണ്ടു പേരുടെ കുടുംബത്തിന് നിയമാനുസൃതമുള്ള നഷ്ടപരിഹാരം കൊടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഫീഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): 17–6–1986-ൽ ചാലിയം കടപ്പുറത്തുനിന്ന് എഞ്ചിൻ ഘടിപ്പിച്ച വള്ളത്തിൽ മീൻ പിടിക്കാൻപോയ 2 പേരെ കാണാതായിട്ടുണ്ട്. അന്ന്, 8 വള്ളങ്ങൾ പോയതിൽ 10 പേർ ഉണ്ടായിരുന്നു. കടൽക്ഷോഭത്തിൽപെട്ട് 6 വള്ളങ്ങൾ മുങ്ങിപ്പോയി. 8 പേർ തിരിച്ചുവന്നു. സംഭവം അറിഞ്ഞയുടനെ കോഴിക്കോട് പോർട്ടാഫീസർ തീവ്രമായ അന്വേഷണം നടത്തി. ത്രിശൂൽ എന്ന നാവിക കപ്പലും 2 ഹെലിക്കോപ്റ്ററുകളും ജീവൻരക്ഷകൻ എന്ന ടഗ്ഗും അതിവിപുലമായ അന്വേഷണം നടത്തി. കാണാതായ മൽസ്യത്തൊഴിലാളികളെപ്പറ്റി ഇപ്പോഴും വിവരമൊന്നും ലഭിച്ചിട്ടില്ല. 19 വയസ്സുള്ള അരയൻ വളപ്പിൽ ഉമ്മർ, 35 വയസ്സുള്ള കിഴക്കേത്തലയ്ക്കൽ മുഹമ്മദാലി എന്നിവരെയാണ് കാണാതായത്. അവരുടെ ബന്ധുക്കൾക്ക് 2,000 രൂപ വീതം മൽസ്യഫെഡ്ഡിൽനിന്ന് അടിയന്തിര സഹായം നൽകിക്കഴിഞ്ഞു. നാശനഷ്ടം സംഭവിച്ച വള്ളങ്ങൾക്കും മറ്റ് ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള അടിയന്തിര നടപടികൾ ആരംഭിച്ചിട്ടുണ്ട്. കടൽ ക്ഷോഭിച്ചിരിക്കുകയാണെന്ന് ഫിഷറീസ് വകുപ്പ് ആകാശവാണിയിലൂടെ മുന്നറിയിപ്പ് നൽകിയിരുന്നു. നിർഭാഗ്യവശാൽ അപകടസാദ്ധ്യതയുണ്ടെന്നുള്ള ആ മുന്നറിയിപ്പ് വകവയ്ക്കാതെയാണ് ഈ മൽസ്യത്തൊഴിലാളികൾ കടലിൽപ്പോയത്. ഇത്തരം അപകടങ്ങൾ ഉണ്ടാവുന്ന അവസരങ്ങളിൽ ഫിഷറീസ്, പോർട്ട്, പോലീസ്, റവന്യൂ, ഫയർ ഫോഴ്സ്, കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം, ഇൻഡ്യൻനേവി, കോസ്റ്റ് ഗാർഡ് ഇവയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് അടിയന്തിരമായ രക്ഷാ നടപടികൾ കൈക്കൊള്ളാറുണ്ട്. ജില്ലാ കളക്ടറാണ് അതിന്റെ നേതൃത്വം വഹിക്കുന്നത്. ഓരോ ഉദ്യോഗസ്ഥനും അവരുടെ ചുമതലകൾ നിർവ്വഹിക്കണമെന്നുള്ളതിന് സീ റസ്ക്യൂ മാനുവൽ തന്നെയുണ്ട്. ഇങ്ങനെ രക്ഷാ നടപടികൾ കൈക്കൊള്ളുന്നതിന് സദാ ജാഗ്രത പുലർത്തുന്നതിനുള്ള എല്ലാ സംവിധാനവുമുണ്ട്.

## (4) പയ്യന്നൂരിൽ ഒരു ഇലക്ട്രിക്കൽ ഡിവിഷൻ

ശ്രീ. എം.വി. രാഘവൻ: സർ, എന്റെ നിയോജകമണ്ഡലമായ പയ്യന്നൂർ ആസ്ഥാനമാക്കി ഒരു ഇലക്ട്രിക്കൽ ഡിവിഷൻ ആരംഭിക്കാൻ തീരുമാനിക്കുകയും അതിനുവേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറേയും മറ്റു സ്റ്റാഫിനേയും നിശ്ചയിക്കുകയും ചെയ്തു. അവിടെ ഓഫീസ് ആരംഭിക്കാൻ തീരുമാനിച്ചത് ഗവൺമെന്റ് നിറുത്തിവയ്ക്കാൻ നിർദ്ദേശിച്ചതായാണ് അറിഞ്ഞത്. എന്നാലിപ്പോൾ, ഈ ഇലക്ട്രിക്കൽ

LIBRARY ARCHIVES Kerala Legislative Assembly